<u>ഭരണഭാഷ - മലയാളം</u>

## <u>കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം</u>

ഹാജർ :-ബി.അബ്ദുൽ നാസർ ഐ എ എസ്

നം. :- DCKLM 11767/2019-LA8 തീയതി :03/09/2020

വിഷയം : ഭൂമി ഏറ്റെടുക്കൽ-ചിറക്കര ഗ്രാമപഞ്ചായത്ത് പബ്ലിക് മാർക്കറ്റ്-കക്ഷിയുടെ ആക്ഷേപത്തിന്മേൽ തീരുമാനം -സംബന്ധിച്ച്.

വായന :
1. ചിറക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.06.16 ലെ അർത്ഥനാപത്രം.
2. തദ്ദേശസ്വയംഭരണ(ആർ സി) വകുപ്പിന്റെ 25.03.17 ലെ 874/17/ത സ്വ ഭ വ നം സർക്കാർ ഉത്തരവ്.
3. റവന്യൂ(ബി) വകുപ്പിന്റെ 01.06.17 ലെ GO(RT)2509/2017/RD നം . ഉത്തരവ്.
4. 25.11.17, 04.12.18, 29.08.19 തീയതികളിലെ 6(1),4(1),11(1) ഗസറ്റ് വിജ്ഞാപനങ്ങൾ.
5. 16.04.19 ലെ എസ് ഐ എ പഠനറിപ്പോർട്ട്.
6. 07.06.19 ലെ വിദഗ്ധസമിതി റിപ്പോർട്ട്.
7. ശ്രീമതി ലീലാമണി 05.10.19 ന് സമർപ്പിച്ച ആക്ഷേപ ഹർജി.
8. സ്പെ. തഹസിൽദാർ ,എൽ എ നം2 ,കുണ്ടറയുടെ 11.02.20 ലെ സി 342/2008 നം. കത്ത്.

******************

കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിൽ ബ്ലോക്ക് നം 32, സർവേ നം.426/11-3, 426/11-4 ൽപ്പെട്ട 6.45 ആർസ് ഭൂമി ചിറക്കരഗ്രാമപഞ്ചായത്ത് പബ്ളിക് മാർക്കറ്റിനുവേണ്ടി ഏറ്റെടുക്കുന്നതിനുവേണ്ടി സൂചന(1) പ്രകാരം അർത്ഥനാപത്രം സമർപ്പിക്കുകയും സൂചന(2) പ്രകാരം തദ്ദേശ സ്വയം ഭരണവകുപ്പിൽ നിന്നും സൂചന (3) പ്രകാരം റവന്യൂ (ബി) വകുപ്പിൽ നിന്നും ടി ഏറ്റെടുപ്പിനുള്ള അനുമതി ലഭിച്ചിട്ടുള്ളതുമാണ് . RFCTLARR ആക്ട് പ്രകാരം ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ച് വന്നിട്ടുള്ളതും സൂചന (4) പ്രകാരം 6(1), 4(1), 11(1) വിജ്ഞാപനങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ടി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യപ്രത്യാഘാത പഠനം നടത്തി അന്തിമറിപ്പോർട്ട് സൂചന (5) പ്രകാരം സമർപ്പിക്കുകയും ടി പഠനം വിലയിരുത്തി ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു കൊണ്ടുമുള്ള സൂചന (6)പ്രകാരമുള്ള വിദഗ്ധ സമിതി റിപ്പോർട്ട് 15.06.19 ന് ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്.

ടി ഭൂമി ഏറ്റെടുക്കലിനെതിരെ RFCTLARR ആക്റ്റ് സെക്ഷൻ 15 പ്രകാരം ഭൂവുടമയുടെ മുക്ത്യാർകാരിയായ ശ്രീമതി ലീലാമണി സൂചന (7) പ്രകാരം ആക്ഷേപം ഫയൽ ചെയ്തിട്ടുള്ളതും കക്ഷിഭാഗം ഈ കാര്യാലയത്തിൽ ഹാജരായി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി ആക്ഷേപം സംബന്ധിച്ച് എൽ എ ഓയിൽ നിന്ന് വിശദമായ റിപ്പോർട്ട് സൂചന (8) പ്രകാരം ലഭിച്ചിട്ടുള്ളതുമാണ്.

2013 ലെ RFCTLARR ആക്റ്റ് പ്രകാരമുള്ള നടപടിക്രമങ്ങളനുസരിച്ചാണ് ചിറക്കര പബ്ളിക് മാർക്കറ്റിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ബഹു . കേരളഹൈക്കോടതിയുടെ WP(C) 9216/15 നം. കേസിലെ 02.06.15 ലെ വിധി പ്രകാരം അതുവരെ ടി ഭൂമി ഏറ്റെടുക്കലുമാ ിബന്ധപ്പെട്ട് സ്വീകരിച്ചിരുന്ന എല്ലാ നടപടികളും റദ്ദ് ചെയ്ത ശേഷം പുതിയ അർത്ഥനാപത്രം സമർപ്പിച്ചതിനെ തുടർന്നാണ് നിലവിലെ നടപടികൾ സ്വീകരിച്ചിട്ടുള്ളത് . സാമൂഹ്യപ്രത്യാഘാതപഠനറിപ്പോർട്ട് പ്രകാരം ടി സ്ഥലമേറ്റെടുക്കൽ യാതൊരു വിധത്തിലുമുള്ള ദോഷകരമായ ആഘാതങ്ങളും ഉണ്ടാക്കുന്നില്ല എന്നും പൊതുജനങ്ങൾക്കും കച്ചവടക്കാർക്കും പ്രയോജനകരമായ ഈ പദ്ധതിയുമായി മുന്നോട്ട് പോകാവുന്നതാണെന്നും സമതി ശുപാർശ ചെയ്തിട്ടുള്ളതും ആയത് വിലയിരുത്തി ടി ഭൂമി ഏറ്റെടുക്കകാവുന്നതാണെന്ന വിദഗ്ധസമിതിറിപ്പോർട്ട് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്. ടി സ്ഥലം നേരിൽ പരിശോധിച്ച ഡെപ്യൂട്ടി കളക്ടർ പരാതിയിൽ പരിഗണനാർഹമല്ലയെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ആക്ഷേപകക്ഷി നേരിൽ ഹാജരായി സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരവും ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ റദ്ദ് ചെയ്യേണ്ടതായ സാഹചര്യം നിലനിൽക്കുന്നതായി കാണുന്നില്ല ബോദ്ധ്യപെട്ടിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ പരാമർശഭൂമി പബ്ളിക് മാർക്കറ്റ് നിർമ്മിക്കുന്നതിലേയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിലും ലാൻഡ് അക്വിസിഷൻ ഓഫിസറുടെ റിപ്പോർട്ട് , ഈ ഓഫീസിൽനടന്ന ഹിയറിങ് സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിലും കക്ഷിയുടെ ആക്ഷേപം തള്ളി തീരുമാനിച്ചുകൊണ്ടും കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിൽ ബ്ലോക്ക് നം 32, സർവേ നമ്പർ. 426/11–3, 426/11–4 ൽപ്പെട്ട 6.45 ആർസ് ഭൂമി ചിറക്കരഗ്രാമപഞ്ചായത്ത് പബ്ളിക് മാർക്കറ്റിനു ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരാവുന്നതാണെന്നും തീരുമാനിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കൂടാതെ RFCTLARR ആക്റ്റ് 2013 സെക്ഷൻ 19 പ്രകാരം ഫോം നമ്പർ 10 ൽ ടി ഭൂമി ഏറ്റെടുക്കുന്നത് പ്രഖ്യാപനം ചെയ്യുന്നതിന് ആവശ്യമായ രേഖകൾ ലാൻഡ് അക്വിസിഷൻ ഓഫിസർ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ജില്ലാ കളക്ടർ

പകർപ്പ്

1. ലാൻഡ് അക്വിസിഷൻ ഓഫിസർ LA No 2 കണ്ടറ
2. ഗ്രാമപഞ്ചായത് സെക്രട്ടറി ചിറക്കര
3. ശ്രീമതി ലീലാമണി തലയേന്റഴികം തെക്കുംഭാഗം ചേരി കോട്ടപ്പുറം വില്ലേജ് (ഭൂവുടമയുടെ മുക്ത്യാർകാരി)
4. ശ്രീ. ശിവപ്രസാദ് S/O രാമു, ശിവാലയം വീട്, കോട്ടപ്പുറം വില്ലജ്. (ഭൂവുടമ).